# പതിനാലാം കേരള നിയമസഭ
# ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.532 13.01.2021-ൽ മറുപടിക്ക്**

## കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മിൽസിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മിൽസിൽ നിലവിൽ എത്ര പേർ തൊഴിലെടുക്കുന്നു; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മിൽസിൽ ഇപ്പോൾ 120 ജീവനക്കാരാണുള്ളത്. വർക്കർ കാറ്റഗറി വിഭാഗത്തിൽ 111 തൊഴിലാളികളും സ്റ്റാഫ് കാറ്റഗറി വിഭാഗത്തിൽ 3 പേരും സൂപ്പർവൈസറി മാനേജീരിയൽ വിഭാഗങ്ങളിലായി 6 ജീവനക്കാരുമാണുള്ളത്. |
| (ബി) ഈ സ്ഥാപനം നിലവിൽ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; ഇല്ലെങ്കിൽ ലാഭകരമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) ഉദുമ സ്പിന്നിംഗ് മിൽസ് നിലവിൽ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. |
| (സി) സ്ഥാപനത്തിന്റെ കൈവശം ആവശ്യത്തിന് ഭൂമി ഉണ്ടെന്നിരിക്കെ ഈ സ്ഥാപനം വികസിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുള്ള പദ്ധതിയുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയതിന്റെ പ്രായോഗികത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ